LIBRARY ARCHIVES Kerala Legislative Assembly

ഡിജിറ്റൽ ഇമേജ് പ്രിന്റിംഗ്

11 (*461) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ ഏതെല്ലാം വകുപ്പുകളിൽ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി സി-ഡിറ്റിന്റെ സഹകരണത്തോടെ ഡിജിറ്റൽ ഇമേജ് പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ;

(ബി) സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഈ സംവിധാനം ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) ഈ സംവിധാനം പൂർണ്ണമായി നിലവിൽ വന്നാൽ പൊതു ജനത്തിന് എന്തൊക്കെ സേവനങ്ങൾ നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ)

(എ) സി-ഡിറ്റിന്റെ സഹകരണത്തോടെ രജിസ്ട്രേഷൻ വകുപ്പിൽ മാത്രമാണ് ഡിജിറ്റൽ ഇമേജ് പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) ഈ സംവിധാനം സംസ്ഥാനത്തെ 309 സബ് രജിസ്ട്രാർ ആഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. 2009-ൽ ആരംഭിച്ച പാലക്കാട് ജില്ലയിലെ കോട്ടായി സബ്രജിസ്ട്രാർ ഓഫീസിൽ ഈ സംവിധാനം ഏർപ്പെടു ത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മുൻകാലങ്ങളിൽ പ്രമാണത്തിന്റെ പകർപ്പ് ലഭിക്കുവാൻ 6 മാസം മുതൽ 1 വർഷം വരെ കാലതാമസം നേരിട്ടിരുന്നു. എന്നാൽ ഈ സംവിധാനം നടപ്പിലാക്കിയശേഷം പ്രമാണങ്ങളുടെ പകർപ്പുകൾ ലഭിക്കാൻ ഒരു ദിവസത്തെ താമസം മാത്രമേ നേരിടുന്നുള്ളൂ.

സുരക്ഷാ ഭവന പദ്ധതി

12 (*462) ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. രാഘവൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പാക്കുന്ന സുരക്ഷാ ഭവന പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള സാമ്പത്തിക ആനുകൂല്യം എത്രയാണ്; ഈ തുക സർക്കാർ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം ഇതിനകം എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട്;

(ഡി) സുരക്ഷാ ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിനുള്ള സഹായത്തിന് എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) സാമൂഹ്യക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി അശരണരും ദരിദ്രരുമായവർക്കുവേണ്ടി ബോർഡ് സൗജന്യമായി വീട് വച്ചു നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം):

(എ) ദുർബ്ബല വിഭാഗത്തിൽപ്പെട്ട, കുറഞ്ഞത് 2 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള, വീടില്ലാത്ത പാവപ്പെട്ടവർക്ക് സന്നദ്ധ സംഘടനകൾ/കാരുണ്യവാന്മാരും ദാനശീലരുമായ വ്യക്തികൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ വീടു നിർമ്മിച്ചു നൽകുന്ന പദ്ധതിയാണ് സുരക്ഷാ ഭവന പദ്ധതി. 30 മുതൽ 50 വരെ ച.മീറ്റർ തറ വിസ്തീർണ്ണമുള്ള വീടിന്റെ നിർമ്മാണ ചെലവ് 1,00,000 രൂപയാണ് കണക്കാക്കിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം വീടിന്റെ നിർമ്മാണം സ്പോൺസറുടെ സഹായത്തോടെ കുറഞ്ഞത്തുമാകുമ്പോൾ ഗുണഭോക്താവിന് 25,000 രൂപ സർക്കാർ സബ്സിഡിയായി ഭവന നിർമ്മാണ ബോർഡ് മുഖേന നൽകുന്നു.

(ബി) സുരക്ഷാ ഭവന പദ്ധതിക്ക് 9,000 രൂപയായിരുന്നു സർക്കാർ സബ്സിഡി. ഈ നിരക്ക് കുറവായതിനാൽ വേണ്ടത്ര അപേക്ഷകർ ഉണ്ടായിരുന്നില്ല. അതിനാൽ 6.11.07ലെ ഉത്തരവു പ്രകാരം സർക്കാർ സബ്സിഡി 25,000 രൂപയാക്കി വർദ്ധിപ്പിച്ചു നല്കിയിട്ടുണ്ട്.

(സി) ഈ പദ്ധതി പ്രകാരം 28.02.10 വരെ 2636 വീടുകൾ നിർമ്മിച്ചു നല്കിയിട്ടുണ്ട്.

(ഡി) സുരക്ഷാ ഭവന പദ്ധതി പ്രകാരം വീടു നിർമ്മിക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് ബോർഡ് അനുമതി നല്കിയതിൽ ഇനി 793 വീടുകൾക്ക് സബ്സിഡി അനുവദിക്കാനുണ്ട്.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly